# 2

# ഭൂമിയാകുന്നു നാം



## കിളിക്കൂട്

കിളിക്കു വേണ്ടതു കിളിക്കൂടെന്നു നാം
പറഞ്ഞു പറ്റിപ്പൂ കിളിയെ, നമ്മളെ!
കിളിക്കുണ്ടാകാശം കിളിക്കൂടായ്; അതി-
ലുറങ്ങുവാൻ വിടില്ലൊരു കിളിയെയും.

**അപരിഗ്രഹം**
**[പ്രഭാവർമ്മ]**

ജീവജാലങ്ങളോടുള്ള നമ്മുടെ സമീപനം മാറേണ്ടതുണ്ടോ? പ്രതികരിക്കുക.



*ജീവിതത്തിന്റെ പൊരുൾ പാരസ്പര്യത്തിലാണ്.*
*കരുണയോടെയുള്ള ജാഗ്രത അതു കാത്തുവയ്ക്കുന്നു.*

# ആനഡോക്ടർ

***മുതുമലയിലെ മൃഗഡോക്ടറാണ് കെ. എന്നറിയപ്പെടുന്ന കൃഷ്ണമൂർത്തി. വിനോദസഞ്ചാരികൾ വലിച്ചെറിഞ്ഞ കുപ്പിച്ചില്ല് തറഞ്ഞുകയറി ഗുരുതരാവസ്ഥയിലായ പിടിയാനയെ ഡോ. കെ. സാഹസികമായി രക്ഷപ്പെടുത്തുന്നു. വർഷങ്ങൾക്കുശേഷം ഇതേ അവസ്ഥയിലായ കുട്ടിയാന, അമ്മയെ രക്ഷപ്പെടുത്തിയ ഡോക്ടറുടെ അരികിലേക്ക് മുറിവേറ്റ കാലുമായി കിലോമീറ്ററുകളോളം സഞ്ചരിച്ച് എത്തിച്ചേരുന്നു.***

പത്തുമണിക്ക് ഞാൻ ഉറങ്ങാൻ കിടന്നു. ഉറക്കം വരില്ല എന്നായിരുന്നു കരുതിയത്. പക്ഷേ, ഏതാനും നിമിഷംകൊണ്ട് നന്നായി ഉറങ്ങിക്കഴിഞ്ഞിരുന്നു. ഉണർന്നപ്പോൾ മുറിയിൽ ലൈറ്റിട്ടിട്ടുണ്ടായിരുന്നു. ഡോക്ടർ കോട്ട് ഇടുകയായിരുന്നു.

“എന്താണ് ഡോക്ടർ?”എന്ന് ഞാൻ ചോദിച്ചു.“പുറത്ത് ആനയുടെ ശബ്ദം കേൾക്കുന്നു. ചൂര് നോക്കുമ്പോൾ ഇവിടെയുള്ള ആനയല്ല എന്നാണ് തോന്നുന്നത്.”

ഞാനും എഴുന്നേറ്റ് എന്റെ സ്വെറ്റർ എടുത്തിട്ടു.

"കാട്ടാനകളാണോ?” ഡോക്ടർ ടോർച്ച് ലൈറ്റ് തെളിച്ചുനോക്കി.

“പൊതുവേ ഈ വഴിക്ക് കാട്ടാനകൾ വരാറില്ല. ഇവിടെ സെൽവയുടെ ചൂരുണ്ട്. എന്തോ കാരണം ഉണ്ട്.”

ഡോക്ടർ ഗംബൂട്ടുകൾ എടുത്തിട്ടു കതകുതുറന്ന് പുറത്തിറങ്ങി. പുറത്തുനിന്ന് വെള്ളച്ചാട്ടം പോലെ തണുത്ത കാറ്റ് അകത്തേക്ക് വന്നു. ഇരുട്ട് വലിയ കറുത്ത തിരശ്ശീലപോലെ തൂങ്ങിക്കിടന്നു. പുറത്തിറങ്ങിയപ്പോൾ ഞാൻ നക്ഷത്രങ്ങളെ കണ്ടു. കറുത്ത തിരശ്ശീലയിലെ സുഷിരങ്ങൾ,

പിന്നെ കറുപ്പിൽ കറകൾപോലെ രൂപങ്ങൾ തെളിഞ്ഞു. അവ മുഴുത്ത് കാട്ടിന്റെ വിളുമ്പായി, മരങ്ങളായി, ചില്ലകളും ഇലകളുമായി. പിന്നിൽ ആകാശം ചാരനിറത്തിൽ തെളിഞ്ഞു. ഡോക്ടർ അതിനിടയ്ക്ക് ആനകളെ കണ്ടുകഴിഞ്ഞിരുന്നു. “ചെറിയ കുട്ടിയാണല്ലോ”എന്നു പറഞ്ഞു.

“എവിടെ?”എന്നു ഞാൻ ചോദിച്ചു.

“രണ്ടു വയസ്സ്,”എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിയ ദിക്കിലേക്ക് ഞാൻ സൂക്ഷിച്ചുനോക്കി. എന്റെ മാറോളം പൊക്കമുള്ള ആനക്കുട്ടിയെ ഇരുട്ടിന്റെയുള്ളിൽ ഇരുട്ടിന്റെ ചലനമായി ഞാൻ കണ്ടു.

“ഈ പ്രായത്തിൽ കുട്ടി ഒറ്റയ്ക്കു വരാറില്ലല്ലോ” എന്നു ഞാൻ പറഞ്ഞു. ഡോക്ടർ അടുത്തേക്ക് നടന്നു. ഇരുട്ടിൽ വിളക്കുതെളിച്ചാൽ പിന്നെ കണ്ണുകാണാതെയാവും. അതുകൊണ്ട് കണ്ണുമിഴിച്ചു നോക്കി ഞങ്ങൾ നടന്നു.

അല്പസമയത്തിനുള്ളിൽ നിലത്തെ ഉരുളൻകല്ലുകളുടെ മിനുസവും ഇലകളുടെ എണ്ണത്തിളക്കവും കണ്ടുതുടങ്ങി. ആനക്കുട്ടി പതുക്കെ അമറിക്കൊണ്ട് തുമ്പിക്കൈ നീട്ടി മണംപിടിച്ചു.

“ഈസി! ഈസി!”എന്ന് ഡോക്ടർ പറഞ്ഞു. കൈ രണ്ടും മുന്നിൽ നീട്ടി അദ്ദേഹം അതിന്റെയടുത്തേക്ക് നടന്നു. ആനക്കുട്ടി തലയാട്ടി ജെഴ്സിപ്പശു കരയുന്ന ഒച്ചയിൽ ചിന്നംവിളിച്ചു.

“കാലിൽ വ്രണമുണ്ട്”എന്ന് ഡോക്ടർ പറഞ്ഞു. ഡോക്ടർ അടുത്തേക്കു ചെന്നപ്പോൾ തുമ്പിക്കൈ നീട്ടി അദ്ദേഹത്തെ തൊട്ടു. അതിന്റെ ദേഹം ഉലയുന്നതു കണ്ടു. ഡോക്ടർ എന്നോട്, “നിന്നോളൂ”എന്നു പറഞ്ഞിട്ട് അതിന്റെ അടുത്തു ചെന്നുനിന്ന് കാതിൽ പിടിച്ചു. തിരകളിലെ തോണിപോലെ അതിന്റെ ശരീരം ഉലഞ്ഞാടി. തുമ്പിക്കൈ അസ്വസ്ഥമായി പുളഞ്ഞു. അദ്ദേഹം അതിന്റെ മുഖത്ത് തൊട്ടപ്പോൾ തുമ്പിക്കൈ അദ്ദേഹത്തിന്റെ തോളിൽ വീണ് മലമ്പാമ്പുപോലെ വഴുതിയിറങ്ങി.

“വരൂ”എന്ന് എന്നെ ഡോക്ടർ വിളിച്ചു. ഞാൻ അടുത്തേക്ക് ചെന്നു. അദ്ദേഹം ആ കുട്ടിയാനയുടെ നെറ്റിയിലും ചെവിയിലും തട്ടി സാന്ത്വനപ്പെടുത്തി. അത് തുമ്പിക്കൈ വളച്ച് നീട്ടി എന്നെ തൊട്ട് പരിശോധിക്കാൻ ശ്രമിച്ചു.

"ഇവനെ ഒന്ന് കിടത്തണം. എന്താണ് പ്രശ്നം എന്നു നോക്കണം. നീ പോയി എന്റെ പെട്ടി എടുത്തുകൊണ്ട് വാ."

ഡോക്ടറുടെ വിളിയിലെ അടുപ്പം ആ സമയത്തുപോലും എനിക്കു മനസ്സിലായി. നാവുകൊണ്ട് ബേറ്ററിയെ തൊട്ടതുപോലെ ഒരു ചെറിയ മധുരം. പുഞ്ചിരിച്ചുകൊണ്ട് ഞാൻ അകത്തു പോയി മരുന്നുപെട്ടി എടുത്ത് കൊണ്ടുവന്നു.

ഡോക്ടർ കെ. ആനയുടെ വായിലെ ചുവന്ന ഭാഗത്ത് സൂചിയുടെ മുന എറിഞ്ഞ് തറപ്പിച്ചതിനു ശേഷം പമ്പ് പിടിപ്പിച്ച് മരുന്നു കടത്തി. കുറേ സമയം അത് അസ്വസ്ഥമായി ആടിക്കൊണ്ടിരുന്നു. കുട്ടിയാനകൾ എന്തിനാണ് തുമ്പിക്കൈ രണ്ടുകാലിന്റെ നടുക്കും മുൻപോട്ടുമായി ഊഞ്ഞാലാടിക്കുന്നത് എന്നു ഞാൻ ചിന്തിച്ചു. ഇടയ്ക്ക് എന്നെ ഒന്ന് തൊട്ടുനോക്കിയാൽ കൊള്ളാം എന്നും അത് ശ്രമിച്ചു. തുമ്പിക്കൈ കുഴഞ്ഞ് തളരുന്നത് കണ്ടു. കാതുകളുടെ അനക്കം നിലച്ച് പിന്നെയും തുടങ്ങി. കാലു തെറ്റി വീഴാൻപോയി. ഞെട്ടി കണ്ണുതുറന്ന് എന്നെ നോക്കി. നാലഞ്ചു തവണ നെടുവീർപ്പിട്ടു. തുമ്പിക്കൈ നിലത്തു വീണ് ഊതി മണ്ണ് പറപ്പിച്ചു. പിന്നെ അത് പതുക്കെ മുട്ടുകുത്തിയിരുന്ന് വലതുവശത്തേക്ക് ചെരിഞ്ഞുവീണ് നിശ്ചലമായി.

“നീ പോയി ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അതിന്റെ കാതിൽ ഒഴിക്ക്. കുട്ടിയാണ്. കാത് നിലച്ചാൽ തലയ്ക്ക് ചൂട് കയറിയേക്കും,” ഡോക്ടർ പറഞ്ഞു.

ഞാൻ കുളിമുറിയിലേക്ക് ഓടി. ഞാൻ മടങ്ങിവന്നപ്പോൾ ഡോക്ടർ ആനയുടെ

കാലുകൾ ശ്രദ്ധിച്ച് നോക്കുകയായിരുന്നു. ഞാൻ ആനയുടെ കാതുകൾ നനച്ചു.

"പിന്നെയും കുപ്പിതന്നെ... പക്ഷേ, വലുതല്ല. പുണ്ണ് ചീഞ്ഞിട്ടുമില്ല,"ഡോക്ടർ പറഞ്ഞു, "വിളക്ക് പിടിച്ചോളൂ."

ഞാൻ ടോർച്ച് വാങ്ങി വെട്ടം കാട്ടി. കുപ്പിയുടെ അറ്റം എനിക്കു കാണാനായി. ആന ശ്രദ്ധിച്ച് കാലൂന്നിയാണ് നടന്നിരുന്നത് എന്നു തോന്നി. ഭാരം കുറഞ്ഞ കുട്ടിയുമാണ്. ഡോക്ടർ ഫോർസെപ്പുകൊണ്ട് ആ ചില്ലിൽ പിടിച്ച് വലിച്ചെടുത്തു. ചോരയുടെ ഗന്ധം.

"ചില്ല് പൊട്ടിയിട്ടില്ലാന്നാ തോന്നുന്നത്. ഭാഗ്യം."ഡോക്ടർ വ്രണത്തിന്റെ ഉള്ളിൽ കൈയിട്ട് നന്നായി തിരഞ്ഞു "**Well, almost clean. Lucky guy.**"

പഞ്ഞിയിൽ മരുന്ന് നനച്ച് പുണ്ണിൽ തിരുകിക്കയറ്റി. അപ്പോൾ ആനക്കുട്ടി ഒന്നനങ്ങി. "**He is awake**..ഞാൻ കുറച്ച് മരുന്നാണ് കൊടുത്തത്."

ഡോക്ടർ ആനയുടെ ചെറിയ കൊമ്പുകളിൽ തൊട്ട് "**He is a tusker. My alpha male**" എന്നു പറഞ്ഞു. കുട്ടിയുടെ തുമ്പിക്കൈയിന്റെ മൂക്ക് അനങ്ങിക്കൊണ്ടിരുന്നു.

"ഒരു മണിക്കൂറുകൊണ്ട് എഴുന്നേറ്റു നടക്കും. കാലത്ത് മുതുമലയിലേക്ക് മടങ്ങും," ഡോക്ടർ പറഞ്ഞു.

"മുതുമലയിലേക്കോ?"ഞാൻ ചോദിച്ചു."അതെ... അവൻ അവിടുന്നല്ലേ വന്നിട്ടുള്ളത്?"ഡോക്ടർ പറഞ്ഞു, "നീ ഇവനെ മുൻപു കണ്ടിട്ടുണ്ട്."

ഞാൻ സൂക്ഷിച്ചു നോക്കി.

"ഇവനെയോ?"

"അതെ. മുഖം കണ്ടാലറിയില്ലേ? ഒന്നരക്കൊല്ലം മുൻപ് മുതുമലയിൽ ഒരു വലിയ ആനയ്ക്ക് ഇതേപോലെ കുപ്പിച്ചില്ല് വലിച്ചെടുത്തില്ലേ. അപ്പോൾ ഒപ്പമുണ്ടായിരുന്ന കുഞ്ഞ് ഇവനാണ്. ഇപ്പോൾ ചെറിയ കൊമ്പൊക്കെ മുളച്ച് ആളായിക്കഴിഞ്ഞിരിക്കുന്നു."

ഞാൻ പിന്നെയും നോക്കി.

"ആനയുടെ മുഖം എങ്ങനെയാണ് തിരിച്ചറിയുക?"ഡോക്ടർ ചിരിച്ചു."ഇപ്പം മനസ്സിലായില്ലേ ആനയുടെ കഴിവ്? ആന എത്ര മനുഷ്യമുഖങ്ങളാ ഓർമ്മിച്ചു വയ്ക്കാറുള്ളത്..."





ഡോക്ടർ എഴുന്നേറ്റ് കൈകൾ തൂത്തു. "ഇത്രയും ദൂരം താങ്കളെ തേടി വന്നതാണോ? amazing!"എന്ന് ഞാൻ പറഞ്ഞു, "പാവം, നല്ല വേദന ഉണ്ടാവും. ഈ കുപ്പിച്ചില്ലും കൊണ്ട് എങ്ങനെയാണ് ഇത്രയും ദൂരം ഇവൻ നടന്നത്..."

ഡോക്ടർ, "ആന അങ്ങനെയാണ്. അവ ജീവിക്കുന്നത് കൂടുതൽ വലിയ ലോകത്താണ് " എന്നു പറഞ്ഞു.

ആനകളുടെ ഓർമ്മയെപ്പറ്റിയും ചെറിയ അടയാളങ്ങളെപ്പോലും മനസ്സിലാക്കി അവ കിലോമീറ്ററുകളോളം യാത്രചെയ്യുന്നതിനെപ്പറ്റിയും ഞാൻ ധാരാളം കേട്ടിട്ടുണ്ട്. രണ്ടുദിവസംകൊണ്ട് നൂറുകിലോമീറ്റർ നടക്കാനാവും. മുന്നൂറു കിലോമീറ്റർ നടന്ന് ഒരാളെ അന്വേഷിച്ചുപോയ ആനയുടെ കഥ ഡോക്ടർതന്നെ പറഞ്ഞിട്ടുണ്ട്. എന്നാലും മുതുമലയിൽനിന്ന് എങ്ങനെയാണ് അവ വന്നത് എന്ന് എനിക്കു ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. ഞങ്ങൾ പോയത് ജീപ്പിലായിരുന്നു. അതു നടന്ന് ഒന്നരക്കൊല്ലം കഴിഞ്ഞു. മുതുമലയിൽനിന്ന് ടോപ് സ്ലിപ്പിലേക്കു വരണമെങ്കിൽ വഴിക്ക് പത്തു സ്ഥലത്തെങ്കിലും ഗ്രാമങ്ങൾക്കുള്ളിൽ കയറണം. നാലിടത്ത് റോഡ് മുറിച്ചുകടക്കണം.

ഞങ്ങൾ മടങ്ങി വീടിന്റെയുള്ളിൽ കയറുന്നതിനു മുൻപ് ഡോക്ടർ കെ. തിരിഞ്ഞുനോക്കി. ഇരുട്ടിൽ കറുത്ത ചലനങ്ങൾ കണ്ടു. ഒരു വലിയ ആനക്കൂട്ടംതന്നെ അവിടെ ഉണ്ടായിരുന്നു. ഞാൻ ടോർച്ച് പൊന്തിച്ചപ്പോൾ "നോ" എന്ന് ഡോക്ടർ കെ. പറഞ്ഞു. ആനകൾ കുട്ടിയുടെ അടുക്കലെത്തി. അതിനെ വളഞ്ഞുനിന്നു.

"വിളിച്ചുകൊണ്ടു പോകട്ടെ. വരൂ,"ഡോക്ടർ പറഞ്ഞു. ഞങ്ങൾ ഉള്ളിലേക്കു കടക്കാൻ തിരിഞ്ഞപ്പോൾ പെട്ടെന്ന് മുപ്പതോളം ആനകൾ ഒരുമിച്ച് തുമ്പിക്കൈ പൊക്കി ചിന്നം വിളിച്ചു. എന്റെ ദേഹം വിറച്ചു. കോൾമയിർക്കൊണ്ട് കണ്ണുനീരോടെ ഞാൻ നിന്നു. അറിയാതെ രണ്ടു കൈകളും നെഞ്ചോടു ചേർത്ത് കൂപ്പി. ആനക്കൂട്ടം പിന്നെയും ചിന്നംവിളി മുഴക്കി. അതെ, ദേവദുന്ദുഭികൾ മുഴങ്ങി. മാനത്തെ പെരുമ്പറകൾ ഗർജിച്ചു. കറുത്ത ആകാശത്ത് ആനമുഖമുള്ള കറുത്ത ദേവഗണങ്ങളുടെ മുഖങ്ങൾ തെളിഞ്ഞു. "വരൂ"എന്ന് എന്റെ തോളത്ത് മുട്ടിയിട്ട് ഡോക്ടർ കെ. അകത്തേക്കു കടന്നു.

**ആനഡോക്ടർ**
**[ജയമോഹൻ]**

നോവൽഭാഗത്തെ ഏതെല്ലാം സന്ദർഭങ്ങളാണ് ഡോ. കെ.യും ആനകളും തമ്മിലുള്ള വൈകാരികബന്ധം സൂചിപ്പിക്കുന്നത്? **കണ്ടെത്തി എഴുതുക.**

"പുറത്തുനിന്ന് വെള്ളച്ചാട്ടംപോലെ തണുത്ത കാറ്റ് അകത്തേക്ക് വന്നു. ഇരുട്ട് വലിയ തിരശ്ശീലപോലെ തൂങ്ങിക്കിടന്നു. പുറത്തിറങ്ങിയപ്പോൾ ഞാൻ നക്ഷത്രങ്ങളെ കണ്ടു. കറുത്ത തിരശ്ശീലയിലെ സുഷിരങ്ങൾ."
ഇത്തരം പ്രയോഗങ്ങളാണ് ഗദ്യഭാഷയെ കൂടുതൽ ആകർഷകമാക്കുന്നത്. പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾകൂടി കണ്ടെത്തി അവ നോവൽഭാഗത്തിന് എങ്ങനെ ഭംഗി നൽകുന്നു എന്ന് **ചർച്ചചെയ്യുക.**

"തരുപക്ഷിമൃഗങ്ങളോടുമി-
ന്നരരോടും സുരരോടുമെന്നുമേ
ഒരുമട്ടിവരുള്ളിലേന്തുമ-
സ്സരളസ്നേഹരസം നിനപ്പൂ, ഞാൻ"

ചിന്താവിഷ്ടയായ സീത
[എൻ. കുമാരനാശാൻ]

ഈ വരികളിലെ ആശയവും നോവൽഭാഗവും വിശകലനം ചെയ്ത് ഡോ. കെ. എന്ന കഥാപാത്രത്തെ **നിരൂപണം ചെയ്യുക.**

വിനോദസഞ്ചാരികളിൽ ചിലരുടെ പ്രവൃത്തികൾ വന്യമൃഗങ്ങളുടെ സ്വൈരജീവിതത്തെ എങ്ങനെയെല്ലാം ദോഷകരമായി ബാധിക്കുന്നു എന്ന് നാം നോവൽ ഭാഗത്ത് കണ്ടു. ഇതുപോലെ പ്രകൃതിയുടെ താളംതെറ്റിക്കുന്നതുമായി ബന്ധപ്പെട്ടതും മൃഗങ്ങൾ പ്രാധാന്യത്തോടെ വരുന്നതുമായ നിരവധി വാർത്തകൾ നിങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടിരിക്കുമല്ലോ. അവ വിശകലനം ചെയ്ത് 'പ്രകൃതിയെ കരുതലോടെ കാക്കാം' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക.**

"ഡോ. കെ., ആനയുടെ വായിലെ ചുവന്ന ഭാഗത്ത് സൂചിയുടെ മുന എറിഞ്ഞ് തറപ്പിച്ച ശേഷം പമ്പ് പിടിപ്പിച്ച് മരുന്ന് കടത്തി. തിരകളിലെ തോണിപോലെ അതിന്റെ ശരീരം ഉലഞ്ഞാടി. തുമ്പിക്കൈ അസ്വസ്ഥമായി പുളഞ്ഞു."
പാഠഭാഗത്ത് ഇത്തരത്തിലുള്ള വലുതും ചെറുതുമായ വാക്യങ്ങളും വൈവിധ്യമാർന്ന വാക്യരചനാരീതികളും കാണാമല്ലോ. ഈ രീതിയിൽ വ്യത്യസ്തതയുള്ള വാക്യരചനാരീതി സ്വീകരിക്കുന്നത് എന്തുകൊണ്ടാവും? **ചർച്ചചെയ്യുക.**
മുകളിൽ നൽകിയ ചെറുവാക്യങ്ങളെ ഒറ്റവാക്യമായും വലിയ വാക്യത്തെ ചെറുവാക്യങ്ങളായും അർഥവ്യത്യാസം വരാതെ എഴുതിനോക്കൂ.

*പൂക്കളാകുന്ന ചിരി,*
*കാറ്റാകുന്ന തലോടൽ....*
*പ്രകൃതിയിലെ ചില*
*സൂക്ഷ്മസംവേദനങ്ങൾ....*

# പുളിമാവു വെട്ടി

"പുറംപറമ്പിൽപ്പുളിമാവൊന്നു-
ണ്ടാരാൻ പിള്ളർക്കൊരു പൂരം!
മുറിച്ചുതള്ളിപ്പലക പിടിപ്പിൻ!
വാങ്ങീ ഞാനതിനച്ചാരം"
ഉടമ കൊടുത്തു കഴിഞ്ഞൂ കല്പന
ബങ്കളാവിലിരിപ്പായീ.
ഒട്ടുമാവുകളതു കേട്ടോ, തളിർ-
നാക്കു കടിച്ചേ നില്പായീ!
പച്ചക്കല്ലു വിളഞ്ഞുകിടക്കും
ഗിരിശൃംഗത്തിൻ പ്രതിരൂപം.
പാടത്തിന്റെ കരയ്ക്കിതു നില്പൂ
നമ്മുടെ കുടിലിന്നടയാളം.
പൂത്തു നില്ക്കുന്നളവിലിതത്രേ
ദേവന്മാർക്കുള്ളാവാസം.
പുലരെപ്പുലരെക്കാണാം ചില്ലയി-
ലവർതൻ പൊഴിയും മൃദുഹാസം.
ഉച്ചയ്ക്കിവിടെയിരുന്നാൽക്കേൾക്കാ-
മവരുടെ പേച്ചുകളകളങ്കം.
പിച്ച നടന്നൊരു നാൾമുതലേതൽ-
പ്പൊരുളറിവൂ നാമപശങ്കം.
മുറിച്ചു തള്ളിപ്പലക പിടിയ്ക്കാ-
നുടമസ്ഥന്നിന്നാവേശം.
മറുത്തു പറയാനാരുണ്ട,യ്യോ,
നമുക്കു കരയാനവകാശം!
പച്ചത്തണലും കൊത്തിയെടുത്തി-
ട്ടകലെപ്പാറിൻ പറവകളേ!
പട്ടയമാരും തന്നീലല്ലോ
നിങ്ങൾക്കിവിടെക്കുടിപാർക്കാൻ!
കുരുത്തനാൾ തൊട്ടിന്നോളം തല
കുനിച്ചിടാത്തോനീ വൃദ്ധൻ.
കൂറ്റൻ മഴുവേറ്റടിയുന്നേരം
കുലുങ്ങിടുന്നൂ ഭൂചക്രം
സ്വന്തം മാറ,ത്തമ്മമഹിക്കെരി-
തീക്കനൽ വീണാൽ വീണോട്ടേ;
എന്തിലുമേറെക്കാമ്യം പണമേ
തുച്ഛ,ന്നതു കൈവന്നോട്ടെ!



പൂങ്കുലയും കൊണ്ടോടിവന്നൊരു
പാലക്കാടൻ കുളിർകാറ്റേ
ഞങ്ങളൊടയ്യോ ചോദിക്കല്ലേ
നിന്റെ ചിരന്തനബന്ധുവിനെ.
പൂത്തിരി കത്തിച്ചെങ്ങളെ നൃത്തം
തത്തിക്കാനില്ലിനിയാരും,
പൂന്തേൻ കൂട്ടിക്കനികളുരുട്ടി
പ്രിയമോടൂട്ടാനില്ലാരും!

**ഇടശ്ശേരിക്കവിതകൾ**
**[ഇടശ്ശേരി ഗോവിന്ദൻനായർ]**

പുളിമാവു വെട്ടിയപ്പോൾ പ്രകൃതിയിലുണ്ടായ പ്രതികരണങ്ങളെ കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്? കണ്ടെത്തി അവതരിപ്പിക്കുക.

"സ്വന്തം മാറത്തമ്മമഹിക്കെരി -
തീക്കനൽ വീണാൽ വീണോട്ടെ;
എന്തിലുമേറെക്കാമ്യം പണമേ
തുച്ഛ;ന്നതു കൈവന്നോട്ടെ!"
എന്തിനെയും ലാഭക്കൊതിയോടെ നോക്കിക്കാണുന്ന ആധുനികമനുഷ്യന്റെ മനോഭാവമാണോ ഈ വരികളിൽ പ്രകടമാകുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

ഒട്ടേറെ വാങ്മയദൃശ്യങ്ങൾകൊണ്ട് സമ്പന്നമാണല്ലോ 'പുളിമാവു വെട്ടി' എന്ന കവിതാഭാഗം. അത്തരം ദൃശ്യങ്ങൾ കോർത്തിണക്കി സംഗീതശില്പമായി അവതരിപ്പിക്കുക.

- "പച്ചത്തണലും കൊത്തിയെടുത്തി-
  ട്ടകലെപ്പാറിൻ പറവകളേ!"
- "പൂത്തിരികത്തിച്ചെങ്ങളെ നൃത്തം
  തത്തിക്കാനില്ലിനിയാരും" - വരികളിലെ കല്പനകൾ വിശകലനം ചെയ്യുക.

സമാനമായ കല്പനകൾ കാവ്യഭാഗത്തുനിന്നു കണ്ടെത്തി അവയുടെ ഭംഗി വിശദമാക്കുക.

"പരിസ്ഥിതി അതിന്റെ തനിമയോടെ എല്ലാക്കാലത്തും നിലനിൽക്കേണ്ടതാണെന്ന കാഴ്ചപ്പാട് അടയാളപ്പെടുത്തുന്ന കവിതാഭാഗമാണ് *പുളിമാവു വെട്ടി*." ഈ പ്രസ്താവനയെ മുൻനിർത്തി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

"എല്ലാവരുടെയും ആവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഭൂമിയിലുണ്ട്.
എന്നാൽ ഒരാളുടെ പോലും അത്യാർത്തിക്കുള്ളതില്ല."
[ഗാന്ധിജി]

ഈ പ്രസ്താവനയുടെ പൊരുൾ പരിശോധിച്ച് 'പ്രകൃതിയെ സ്നേഹിക്കാം നല്ല നാളേക്കായ്' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.



*മഴയിൽ ഇലകൾ നൃത്തം ചെയ്യുന്നു.
ഇലകൾക്കൊപ്പം നമ്മളും.*

# പ്രകൃതിപാഠങ്ങൾ

ഇരുപതാംനൂറ്റാണ്ടിന്റെ സൂക്ഷ്മവും സങ്കീർണ്ണവുമായ ഹൃദയതാളം ആവിഷ്കരിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. ലോകംതന്നെ ആകെ മാറിപ്പോയ കാലമായിരുന്നു അത്. ആ പരിവർത്തനങ്ങൾ ആഴത്തിൽ കേരളസമൂഹത്തെയും മാറ്റിമറിച്ചു. അനുഭവത്തെയും വിചാരത്തെയും ലോകബോധത്തെയും അത് ആകെ ഇളക്കിമറിച്ചു. പുതിയ കാഴ്ചപ്പാടുകളും ജീവിതസമീപനവും രൂപപ്പെട്ടു. സാമൂഹികവും വൈയക്തികവുമായ തലങ്ങളിലുണ്ടായ ഈ ചലനങ്ങളോടൊപ്പം ഗാഢമായി പ്രതികരിച്ച കവിയാണ് വൈലോപ്പിള്ളി. അദ്ദേഹത്തിന്റെ കവിതകളോരോന്നും ഇത്തരം ലോകാനുഭവത്തിന്റെ സാന്ദ്രമുദ്രകൾ പതിഞ്ഞവയാണ്.

പ്രത്യക്ഷതലത്തിൽ, വൈലോപ്പിള്ളിയുടെ കവിതകളുടെ അടിയാധാരമായി വർത്തിച്ചത് മാനവികതാബോധമാണ്.

ഇരുപതാംനൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ കേരളീയസമൂഹത്തെ ഉന്മിഷത്താക്കിയ പുരോഗമനോന്മുഖമായ ചലനങ്ങളുടെ പിന്നിലെ പ്രമുഖ പ്രേരണാശക്തിയുമായിരുന്നു അത്. മനുഷ്യരുടെ കർമ്മശേഷിയുടെയും ലോകത്തെ മാറ്റിപ്പണിയാനുള്ള ഇച്ഛയുടെയും മഹത്വാകാംക്ഷയുടെയും ഒക്കെ ഇഴകൾ കലർന്നതാണ് കാഴ്ചപ്പാട്. അതിന്റെ വൈവിധ്യസാധ്യതകളെ സാക്ഷാൽക്കരിച്ചതുകൊണ്ടാണ് വൈലോപ്പിള്ളിയുടെ കവിത ജീവിതമഹത്വത്തിന്റെയും മാനവികതാബോധത്തിന്റെയും കൊടിപ്പടമുയർത്തിയത്.

അതിന്റെ ഒരു മുഖം പ്രകൃതിയെ കീഴ്പെടുത്തി മുന്നേറുന്ന മനുഷ്യന്റേതാണ്. പ്രകൃതിയെ തന്റെ സൗകര്യാർഥം സ്വന്തം നിർമ്മിതികളിലൂടെ മാറ്റിത്തീർത്താണ് മനുഷ്യൻ അവന്റെ ഭൗതികസൗകര്യങ്ങൾ വർധിപ്പിച്ചത്. ഒപ്പം അത്തരം കീഴടക്കലുകളിലൂടെ അവന്റെ സാഹസികതാബോധത്തിനു സന്തർപ്പണം ലഭിക്കുകയും ചെയ്തു. ഏതു മഹാപർവതത്തെയും വെല്ലാൻ കഴിയുന്നതും ഏത് അഗാധസാഗരത്തെയും മുറിച്ചുകടക്കാൻ ശേഷിയുള്ളതും ഏതു മഹാവിപിനത്തിന്റെയും രഹസ്യഹൃദയത്തിലേക്കു കടന്നുചെല്ലാൻ പ്രാപ്തിയുള്ളതുമായ മനുഷ്യന്റെ മാനസികശക്തിയുടെ വിളംബരമായിത്തീർന്നു ആ ഗണത്തിൽപ്പെടുത്താവുന്ന വൈലോപ്പിള്ളിക്കവിതകൾ.

കൊളോണിയൽ ആധുനികതയുടെ സംക്രമണഫലമായി രൂപപ്പെട്ടുവന്ന കാഴ്ചപ്പാടായിരുന്നു അത്. മനുഷ്യപുരോഗതിയുടെ ആവിവണ്ടിക്ക് ഊളിയിട്ടോടാൻ മലതുരക്കുന്നതിനിടയിൽ പ്രാതികൂല്യങ്ങളും പ്രതിസന്ധികളുമുണ്ടായപ്പോഴും "മർത്യവീര്യമീയദ്രിയെ വെല്ലും" എന്ന് ഉറക്കെ പ്രഖ്യാപിച്ചത് അതുകൊണ്ടാണ്.

നവോത്ഥാനചിന്തകളോടു ബന്ധപ്പെട്ട് വ്യാപകമായിത്തീർന്ന യൂറോ കേന്ദ്രിതമായ മാനവികതാസങ്കല്പത്തിന്റെ ഇത്തരം ആഖ്യാനരൂപങ്ങൾ വൈലോപ്പിള്ളിയുടെ ആദ്യകാലത്തെ പല കവിതകളിലും ചിതറിക്കിടപ്പുണ്ട്. ആ മാനവികതാസങ്കല്പങ്ങളെ കേരളീയസാഹചര്യങ്ങളിൽ നിർധാരണം ചെയ്യുകയായിരുന്നു വൈലോപ്പിള്ളി. അതിന്റെ കാതൽ മനുഷ്യന് ഭൂമിയുടെയും പ്രകൃതിയുടെയും മേൽ ചില സവിശേഷാധികാരങ്ങൾ ഉണ്ട് എന്ന വിശ്വാസമായിരുന്നു. ആ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ വർത്തിക്കുന്ന മനുഷ്യൻ ഭൂമിയെയും ഇതരജീവജാലങ്ങളെയുമെല്ലാം തന്റെ ഭൗതികസൗകര്യത്തിനുവേണ്ടി വിനിയോഗിക്കുന്ന ഒരതിമാനുഷനാണ്. കാട് നാടാക്കുന്നവർ, പുഴയെ അണകെട്ടി മെരുക്കുന്നവർ,

കുന്നും കുഴിയും നിരത്തി സമതലമാക്കുന്നവർ, ജലസ്ഥാനങ്ങളെ വരൾപ്പറമ്പാക്കുന്നവർ, പ്രകൃതിക്കുമേൽ നിർമ്മിതികൾകൊണ്ട് കോട്ടകെട്ടുന്നവർ - അതായിരുന്നു ആ മനുഷ്യർ.

* * * * * *

കാടിനെ നാടാക്കുകയും, ക്രമേണ നാടിനെ നഗരമാക്കുകയും ചെയ്യുന്ന വികസനവീക്ഷണത്തിന്റെ സ്ഫുരണങ്ങൾ ഇവിടെ കാണാം. കാളവണ്ടിയുഗത്തിൽനിന്ന് സ്പുട്നിക് യുഗത്തിലേക്കുള്ള കുതിപ്പിനെയാണ് അത് ലക്ഷ്യമാക്കുന്നത്. ആ കുതിപ്പിന്റെ ബാഹ്യാഹ്ലാദാരവങ്ങൾക്കിടയിൽ അടിസ്ഥാനതലത്തിൽ സംഭവിക്കുന്ന നഷ്ടത്തെക്കുറിച്ചും അപചയത്തെക്കുറിച്ചും അറിയാതെപോകുന്നു.

ഈ പ്രക്രിയ നഗരവൽക്കരണത്തിന്റേതാണ്. അത് പ്രകൃതിയുടെ, സ്വാഭാവികതയെ മുടിക്കുന്നു; നഗരങ്ങൾ ഗ്രാമങ്ങളെ വിഴുങ്ങുകയും എച്ചിൽപ്പറമ്പുകളാക്കി മാറ്റുകയും ചെയ്യുന്നു. 'എന്റെ ഗ്രാമം' എന്ന കവിതയിൽ അത് വൈലോപ്പിള്ളി നേർത്ത രേഖകളിൽ വരച്ചിടുന്നുണ്ട്. കൊച്ചി നഗരം ഇടപ്പള്ളി എന്ന സമീപഗ്രാമത്തെ വിഴുങ്ങുന്നതിന്റെ ആറുപതിറ്റാണ്ടു മുൻപുള്ള ചിത്രമാണത്. പിൽക്കാലത്ത് അത്തരമൊരു നഗരഗ്രാസത്തിന്റെ ഫലമായി ഒരു നാട്ടിൻപുറം എച്ചിൽപ്പറമ്പായി മാറുന്ന ഭീഷണചിത്രം 'ആലാഹയുടെ പെൺമക്ക'ളിൽ വരച്ചിട്ടതു കണ്ടപ്പോൾ വൈലോപ്പിള്ളിയുടെ ഈ ഗ്രാമചിത്രം ഓർത്തുപോയി:

"ശരിയാണിവിടത്തിൽ
തെങ്ങു നെല്ലുകൾ കൂട്ടു-
പിരിയാതൈശ്വര്യത്തിൽ
മത്സരിക്കുന്നുണ്ടിന്നും
കുറച്ചു വെൺമാടത്തിൽ
വിരിവൂ സൗഭാഗ്യങ്ങൾ
കുളത്തിൽച്ചെന്താമര,
കളത്തിൽ മാടപ്രാവും.
എങ്കിലുമസത്യത്തിൻ
കണ്ണുകുത്തുവാൻ കൂർത്തോ-
രെന്റെ തൂലികയെല്ലാം
വരച്ചുകാണിക്കട്ടെ."

നഗരവൽക്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന മാറ്റങ്ങൾ സൃഷ്ടിക്കുന്ന അനിവാര്യമായ മലിനീകരണം ആന്തരികജീവിതത്തെയും സ്പർശിക്കുന്നു. മനുഷ്യന് സമൃദ്ധവും മെച്ചപ്പെട്ടതുമായ ഭൗതികജീവിതം ഉണ്ടാകണം എന്നാഗ്രഹിച്ച് പരിവർത്തനങ്ങളെ സ്വാഗതം ചെയ്യുമ്പോഴും അതിന്റെ അപരതലത്തിൽ രൂപപ്പെടുന്ന ജീർണ്ണതകളെയും മാലിന്യങ്ങളെയും ഇടർച്ചകളെയും വേദനകളെയും കവിക്ക് കാണാതിരുന്നുകൂടാ. എന്നാൽ അതൊക്കെയും കാണുമ്പോഴും മാനവികതാബോധം പകർന്ന മനുഷ്യശക്തിയിലുള്ള വിശ്വാസത്തിന്റെ ശുഭദർശനശീലം ഉയർന്നുനിൽക്കുന്നു;

"ഈ ലഹളയിൽ സ്വൈര-
ജീവിതഗീതത്തിന്റെ
താളവും ലയവും പോയ്
നമ്മളമ്പരന്നാലും."

ആ ശുഭദർശനശീലം 'യുഗപരിവർത്തന'ഘട്ടത്തിൽ കവി കൈവിടുന്നില്ല.

എങ്കിലും വികസനത്തിന്റെയും അതുവഴി പ്രകൃതിധ്വംസനത്തിന്റേതുമായ ആ മാറ്റത്തെ അപ്പാടെ പിന്തുണയ്ക്കുന്നു വൈലോപ്പിള്ളി എന്നു പറയാനാവില്ല. മാത്രമല്ല, ക്രമേണ അതിനെ കൂടുതൽ വിമർശനാത്മകമായി കാണുന്ന രീതി ശക്തമാകുകയും ചെയ്യുന്നു. എല്ലാം മനുഷ്യനുവേണ്ടി എന്ന കാട്ചപ്പാടിൽനിന്ന്, പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യന്റെയും നിലനിൽപ്പിന് അനിവാര്യമാണ് എന്ന തിരിച്ചറിവിലേക്കുള്ള മുന്നേറ്റമാണ് പിൽക്കാലത്ത് ശക്തമാകുന്നത്. മാനവികതാബോധത്തിന്റെ അടിസ്ഥാനശ്രുതി നിലനിൽക്കുമ്പോൾത്തന്നെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ലയാത്മകവും സന്തുലിതവുമായ ബന്ധത്തിന്റെ ആവശ്യകതയിലേക്കാണ് എൺപതുകളിൽ വൈലോപ്പിള്ളിക്കവിത ജാഗരൂകമാകുന്നത്. അവയിൽ എന്നും ആന്തരികധാരയായി വർത്തിച്ചിരുന്ന രാഷ്ട്രീയബോധത്തിന്റെ



സൂക്ഷ്മതലത്തിലുള്ള വികാസമാണ് ഈ ഘട്ടത്തിലെ രചനകളിൽ കാണുന്നത്.

* * * * * *

സാഹിത്യത്തിലെ ആധുനികതാപ്രസ്ഥാന **(Modernism)** ത്തിന്റെ പ്രഭാവകാലത്തിനുശേഷം മലയാളസാഹിത്യത്തിൽ വികസിച്ചുവന്ന കാഴ്ചപ്പാടുകളിൽ പ്രമുഖമായ ഒന്നായിരുന്നു ഈ പാരിസ്ഥിതികവിവേകം. അത് മനുഷ്യനെ, പ്രകൃതിയെ കീഴ്പെടുത്തുന്നവൻ എന്ന നിലയിൽനിന്ന് പ്രകൃതിയോടിണങ്ങി ജീവിക്കുന്നവൻ എന്ന നിലയിൽ പുനർവ്യാഖ്യാനിച്ചുതുടങ്ങി. മനുഷ്യന്റെ ആർത്തിസംസ്കാരം ഭൂമിയെ ജീവിതവ്യമല്ലാതാക്കി ത്തീർക്കുന്നതിനെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ സജീവമായി. വൈലോപ്പിള്ളിയുടെ 'മൃതസഞ്ജീവനി' എന്ന കാവ്യനാടകം ഈ സമീപനത്തെ വാച്യമായിത്തന്നെ അവതരിപ്പിക്കുന്ന കൃതിയാണ്. അതിലെ കഥാപാത്രം കിനാവിൽ കേൾക്കുന്ന പുഴയുടെ തോറ്റത്തിൽ അതിന്റെ വികാരവിചാരങ്ങളെല്ലാം വിലയിച്ചിരിക്കുന്നു:

"കവി പാടി വാഴ്ത്തുംപടിക്കു ഞാൻ പ-
ണ്ടഴകാർന്ന തേനൊഴുക്കായിരുന്നു
എങ്കിലീ വൻകൊടുനീരൊഴുക്കും
കമ്പനി വന്നതാണെൻ ദുരന്തം
സ്നാനപാനങ്ങളപായമായി
ഞാനൊരു പൂതനയായി മാറീ,
പൊടിമീനിനങ്ങളും ചത്തുപൊങ്ങീ
വിടവാങ്ങി കൊറ്റികൾ വിട്ടുപോയി
അകലെയെൻ തണ്ണീരടിച്ച കോളിൽ
തവളകൾ ഞാണുൽ തവഞ്ഞി ഞണ്ടും
മൂതിപെട്ടു പൊങ്ങുന്നു, നേർക്കു കാൺമോ-
രതികഷ്ട,മെന്നകം നൊന്തു നില്പൂ.
ഇവിടെ ചെകുത്താനെ കൂട്ടുചേർത്തും
വ്യവസായം വേണമെന്നാണു വാദം
അവസാനം മൃത്യുവിൻ കാളകൂട-
വ്യവസായംമാത്രമിരമ്പിനിൽപ്പൂ.
ഒരു കൊച്ചുകാലുമിക്കാളിയന്റെ
തല തച്ചു പായിക്കാനില്ലയെന്നോ?'



എന്നിങ്ങനെ ജീവന്റെ നിലനിൽപ്പു തന്നെ അസാധ്യമാക്കുന്ന തരത്തിലേക്ക് വികസിക്കുന്ന കണ്ണുംമൂക്കുമില്ലാത്ത വ്യവസായവൽക്കരണത്തെ വിമർശ വിധേയമാക്കുന്നു ഇവിടെ. വൻകിട അണക്കെട്ടുകൾ കാട്ടിലെ പരമ്പരാഗത താമസക്കാരെ കുടിയിറക്കി വിടുന്നതിന്റെയും വേരുകളറ്റ ജനങ്ങളായി അവർ ചിതറി നശിച്ചുപോകുന്നതിന്റെയും ചിത്രങ്ങളും അതോടുകൂടി ചേരുന്നു. പുരയ്ക്കു തീപിടിക്കുമ്പോൾ വാഴ വെട്ടുന്നതുപോലെ ഇതിനിടയിൽ കൊള്ളലാഭം നേടാനായി വനം വെട്ടി തടി കടത്തുന്നവരുടെ അത്യാർത്തിയുടെ ചിത്രണവും ഇതിനെല്ലാം ഒത്താശചെയ്യുന്ന നീതിപാലകരുടെ ആലേഖനവും

ഈ കാവ്യനാടകത്തിലുണ്ട്. ഇതെല്ലാംകൂടി കീഴാള ജനതയെയും പെണ്മയെയും പ്രകൃതിയെയും ക്രൂരമായി ചൂഷണംചെയ്യുന്നതിന്റെ ഭീഷണചിത്രം വെളിപ്പെടുത്തുന്നു.

ഇത്തരത്തിലുള്ള ഒരു അവസ്ഥയിലേക്ക് സമൂഹം പരിണമിച്ചതിന്റെ ഉൽക്കണ്ഠകൾ മുതിർന്നുനിൽക്കുമ്പോഴും, അവിടെ മനുഷ്യൻ കവിതയുടെ കേന്ദ്രസ്ഥാനത്തുണ്ട്. ഈ നിലയിൽ ജീവന്റെ അതിജീവനംപോലും സന്ദിഗ്ധമായിരിക്കെ മനുഷ്യന്റെ സ്ഥിതിയെന്താണ് എന്ന ഉൽക്കണ്ഠയാണ് വൈലോപ്പിള്ളിയെ നയിക്കുന്നത്. തന്റെ കാവ്യജീവിതത്തിന്റെ തുടക്കത്തിലുയർത്തിപ്പിടിച്ച മാനവികതാബോധം കുറേക്കൂടി സൂക്ഷ്മവും യാഥാർഥ്യനിഷ്ഠവുമാകുകയാണിവിടെ.



**സഹ്യകാനനത്തിൽ വിരിഞ്ഞ കവിത**
**(ഡോ. കെ. എസ്. രവികുമാർ)**

വൈലോപ്പിള്ളിക്കവിതകളുടെ മുഖ്യസവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാം? **വിശകലനം ചെയ്യുക.**

"എല്ലാം മനുഷ്യനുവേണ്ടി എന്ന കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമായി പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യന്റെയും നിലനിൽപ്പിന് അനിവാര്യമാണ് എന്ന പ്രകൃതി ബോധമാണ് വൈലോപ്പിള്ളിക്കവിതകളിൽ കാണുന്നത്." ഈ നിരീക്ഷണം വിശകലനം ചെയ്ത് 'മാനവികതയും പരിസ്ഥിതിയും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്ന നിരൂപണമാണല്ലോ 'പ്രകൃതിപാഠങ്ങൾ'. ഇതുപോലെ ഇടശ്ശേരിയുടെ 'പുളിമാവ് വെട്ടി' എന്ന കവിതയ്ക്ക് നിരൂപണം തയ്യാറാക്കുക.

പ്രകൃതി പ്രമേയമായി വരുന്ന കഥകൾ, കവിതകൾ എന്നിവ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

"കാളവണ്ടിയുഗത്തിൽനിന്ന് സ്പുട്നിക് യുഗത്തിലേക്കുള്ള കുതിപ്പിനെയാണ് അത് ലക്ഷ്യമാക്കുന്നത്."

മനുഷ്യപുരോഗതിയെ അടയാളപ്പെടുത്തുന്നതിന് ഈ വാക്യപ്രയോഗം എത്രമാത്രം പര്യാപ്തമാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

'പുരയ്ക്ക് തീപിടിക്കുമ്പോൾ വാഴ വെട്ടുക' എന്ന ശൈലിയുടെ അർഥം കണ്ടെത്തി വ്യാഖ്യാനിക്കുക ഇതുപോലുള്ള മറ്റ് ശൈലികൾ കണ്ടെത്തി വ്യാഖ്യാനിച്ച് അവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുക.

ചില സമസ്തപദങ്ങൾ വിഗ്രഹിച്ചെഴുതിയത് നോക്കൂ.

| | | |
|---|---|---|
| ഹൃദയതാളം | - | ഹൃദയത്തിന്റെ താളം |
| കുട്ടിയാന | - | കുട്ടിയായ ആന |
| ആവിവണ്ടി | - | ആവിയാൽ ഓടുന്ന വണ്ടി |

ഈ സമസ്തപദങ്ങൾ ഉൾപ്പെടുന്ന വാക്യങ്ങൾ വിശകലനം ചെയ്ത് ഇത്തരത്തിൽ പദങ്ങൾ ചേർത്തെഴുതുന്നതുകൊണ്ടുള്ള പ്രയോജനം കണ്ടെത്തുക. പദങ്ങൾ ചേർത്തുപയോഗിച്ചതുകൊണ്ടുണ്ടായ മേന്മകൾ എന്തെല്ലാം എന്ന് വിശകലനം ചെയ്യുക.

'ഈ ഭൂമിയാകുന്നു നാം' എന്ന യൂണിറ്റിന്റെ ആശയതലം ഉൾക്കൊണ്ട് സ്വതന്ത്ര സർഗാത്മകരചന നടത്തുക. രചനകൾ സമാഹരിച്ച് ആകർഷകമായി പ്രസിദ്ധീകരിക്കുക.